# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1458** **10.02.2020 ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി സംസ്ഥാനത്ത് പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ; | എ) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയോടൊപ്പം വിഷവിമുക്ത പച്ചക്കറിയുല്പാദനം ലക്ഷ്യമിട്ട് 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തിനുള്ള വിഷവിമുക്ത പച്ചക്കറി സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി "ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുവാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിനായി കീടരോഗ പ്രതിരോധ ശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും, നാടൻ ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി, തഴുതാമ, കുടങ്ങൽ, വാളരിപ്പയർ, ചെക്കർമാണിസ്, കോവൽ, ചതുരപ്പയർ മുതലായവയുടെ കൃഷി വീട്ടുവളപ്പിൽ പ്രോത്സാഹിപ്പിക്കുന്നു.<br><br>**കൃഷി പാഠശാല**<br>വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, കർഷക തൊഴിലാളികൾ, ഉപഭോക്താക്കൾ എന്നിവർക്ക് സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെ കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമായി 470 ദിവസം നീണ്ടു നിൽക്കുന്ന പരിശീലന/ ബോധവത്കരണ പരിപാടിയാണ് 'കൃഷി |

പാഠശാല'. നടീൽ മുതൽ വിളവെടുപ്പുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ജൈവ പച്ചക്കറി കൃഷിയ്ക്ക് അനുവർത്തിക്കേണ്ട കൃഷി മുറകൾ കൃഷി പാഠശാലയിൽ പ്രതിപാദിക്കപ്പെടുന്നു. ഇതുവരെ 1200 പാഠശാലകൾ ആരംഭിക്കുകയും ആയതിന് 29800 കർഷകർ പങ്കെടുക്കുകയും ഉണ്ടായി.

**ആരോഗ്യ വകുപ്പുമായി സംയോജിച്ചുകൊണ്ടുള്ള ക്യാമ്പയിനുകൾ**

ആരോഗ്യത്തിനായി സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പ്, ഡയറ്റീഷ്യൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റ്, ഹരിത കേരള മിഷന്റെ ഉപഘടകമായ സുജലം സുഫലം, പ്രൈമറി ഹെൽത്ത് സെന്റർ, ആരോഗ്യ ക്യാമ്പുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ബോധവത്കരണം നടത്തുന്നു. ഈ ബോധവത്കരണ പരിപാടിയിൽ ഒരു വ്യക്തിക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കുവാനുള്ള ഭക്ഷണക്രമത്തെ കുറിച്ച് (ഹെൽത്തി പ്ലേറ്റ്) അവബോധം നൽകുന്നു. ഇത്തരത്തിൽ സംസ്ഥാനത്ത് ഇതുവരെ 2090 ക്യാമ്പയിനുകൾ നടപ്പിലാക്കുകയുണ്ടായി.

**വീട്ടുവളപ്പിലെ പച്ചക്കറി കൃഷി**

എല്ലാ വീട്ടുവളപ്പുകളിലും വിഷരഹിത പച്ചക്കറി 365 ദിവസവും ലഭിക്കുന്നതിനായി കീടരോഗ പ്രതിരോധ ശേഷിയുള്ള പരമ്പരാഗത പച്ചക്കറി ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി മുതലായവ കൃഷി ചെയ്തു വരുന്നു. വീട്ടു വളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാദികളും കർഷകർക്ക് നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു.

**പോഷകത്തോട്ടം**

സുരക്ഷിതമായ പഴങ്ങളും, പച്ചക്കറികളും നഗര/ ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ കൃഷി ചെയ്യുക,

പാഠശാല'. നടീൽ മുതൽ വിളവെടുപ്പുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ജൈവ പച്ചക്കറി കൃഷിയ്ക്ക് അനുവർത്തിക്കേണ്ട കൃഷി മുറകൾ കൃഷി പാഠശാലയിൽ പ്രതിപാദിക്കപ്പെടുന്നു. ഇതുവരെ 1200 പാഠശാലകൾ ആരംഭിക്കുകയും ആയതിന് 29800 കർഷകർ പങ്കെടുക്കുകയും ഉണ്ടായി.

**ആരോഗ്യ വകുപ്പുമായി സംയോജിച്ചുകൊണ്ടുള്ള ക്യാമ്പയിനുകൾ**

ആരോഗ്യത്തിനായി സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പ്, ഡയറ്റീഷ്യൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റ്, ഹരിത കേരള മിഷന്റെ ഉപഘടകമായ സുജലം സുഫലം, പ്രൈമറി ഹെൽത്ത് സെന്റർ, ആരോഗ്യ ക്യാമ്പുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ബോധവത്കരണം നടത്തുന്നു. ഈ ബോധവത്കരണ പരിപാടിയിൽ ഒരു വ്യക്തിക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കുവാനുള്ള ഭക്ഷണക്രമത്തെ കുറിച്ച് (ഹെൽത്തി പ്ലേറ്റ്) അവബോധം നൽകുന്നു. ഇത്തരത്തിൽ സംസ്ഥാനത്ത് ഇതുവരെ 2090 ക്യാമ്പയിനുകൾ നടപ്പിലാക്കുകയുണ്ടായി.

**വീട്ടുവളപ്പിലെ പച്ചക്കറി കൃഷി**

എല്ലാ വീട്ടുവളപ്പുകളിലും വിഷരഹിത പച്ചക്കറി 365 ദിവസവും ലഭിക്കുന്നതിനായി കീടരോഗ പ്രതിരോധ ശേഷിയുള്ള പരമ്പരാഗത പച്ചക്കറി ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി മുതലായവ കൃഷി ചെയ്തു വരുന്നു. വീട്ടു വളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാദികളും കർഷകർക്ക് നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു.

**പോഷകത്തോട്ടം**

സുരക്ഷിതമായ പഴങ്ങളും, പച്ചക്കറികളും നഗര/ ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ കൃഷി ചെയ്യുക,

ഇതോടൊപ്പം പ്രദർശനത്തോട്ടം എന്ന നിലയിൽ കേരളത്തിലെ എല്ലാ ജില്ല/ ബ്ലോക്ക്/ പഞ്ചായത്ത് /മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ ജനപ്രതിനിധികളുടെ, അംഗീകരിക്കപ്പെട്ടിട്ടുള്ള മാധ്യമ പ്രവർത്തകരുടെ വാസസ്ഥലത്തോ അവർക്കു സ്വീകാര്യമായ മറ്റ് ഇടങ്ങളിലോ, ജൈവ രീതിയിലുള്ള പോഷക പ്രദർശനത്തോട്ടം നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്കായി കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി എന്നിവ കൃഷി ചെയ്യുന്നു. ഇതുവരെ 10247 പോഷകത്തോട്ടം ആരംഭിക്കുകയുണ്ടായി.

**വിത്ത് കൈമാറ്റ കൂട്ടായ്മ**

കർഷകരുടെ കൈവശമുള്ള നാടൻ വിത്തുകൾ പരസ്പരം കൈമാറുന്നതിനായുള്ള വിത്തു കൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുക. ഇതിലൂടെ പരമ്പരാഗത പച്ചക്കറി കൃഷി 565 ഹെക്ടറിൽ ആരംഭിക്കുകയുണ്ടായി.

**വിദ്യാലയങ്ങൾ, പൊതു/സ്വകാര്യ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി**

വിദ്യാലയങ്ങൾ, പൊതു/ സ്വകാര്യ സ്ഥാപനങ്ങൾ (ജയിൽ വളപ്പുകൾ, പോലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി/ ഐ.ടി.ഐ കോളേജുകൾ, അംഗൻവാടി, വയൽ വരമ്പ്) എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സുരക്ഷിത പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു.

**ഉല്പാദനോപാധികളുടെ ലഭ്യത**

ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ഫാമുകൾ, 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ബ്ലോക്ക് ലവൽ നഴ്സറികൾ, ചെറിയ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേനകൾ എന്നിവ മുഖാന്തിരം പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുകയും അത്തരത്തിൽ 2.5 ലക്ഷം വിത്തുപായ്ക്കറ്റുകളും 185 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുകയുണ്ടായി. മറ്റുല്പാദനോപാധികളായ ജൈവവളങ്ങൾ, ചെറിയ കാർഷികോപകരണങ്ങൾ, ജൈവകീടനാശിനി തുടങ്ങിയവ ന്യായവിലയ്ക്ക് ഇക്കോ-ഷോപ്പ്, ഹരിത ഗ്രൂപ്പ്, അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖാന്തിരം കർഷകർക്ക് ലഭ്യമാക്കുന്നു.

| | |
|---|---|
| ബി) വീട്ടുമുറ്റത്തെ പച്ചക്കറി കൃഷി, മട്ടുപ്പാവ് കൃഷി തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ | ബി) വീട്ടുമുറ്റത്തെ പച്ചക്കറി കൃഷി, മട്ടുപ്പാവ് കൃഷി തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ പ്രോത്സാഹനം നടത്തി വരുന്നുണ്ട്. വീട്ടുവളപ്പിൽ |

കർഷകർക്ക് എന്തെങ്കിലും സബ്സിഡി നൽകുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തു പായ്ക്കറ്റുകളും, പച്ചക്കറി തൈകളും സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി 100 ശതമാനം സബ്സിഡി നൽകി വിതരണം ചെയ്യുന്നു. കൂടാതെ മാധ്യമങ്ങൾ വഴിയും എൻ.ജി.ഒ കൾ മുഖേനയും 100 ശതമാനം സബ്സീഡി നൽകി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു.

മട്ടുപ്പാവ് കൃഷിയും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡി നിരക്കിൽ 500/- രൂപ ഗുണഭോക്തൃ വിഹിതമായി പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സഹായവും നൽകി വരുന്നു.

സി) കൃഷി ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

സി) കൃഷി ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിന് സർക്കാർ 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം വിഷവിമുക്ത പച്ചക്കറി സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി "ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുവാനും ലക്ഷ്യമിടുന്നു. ആരോഗ്യമുള്ള ജീവിതം നയിക്കുന്നതിന് ഭക്ഷണത്തിൽ 12 ഓളം ധാതുലവണങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഇത് ലഭിക്കുന്നതിനായുള്ള സുരക്ഷിതമായ പഴങ്ങളും, പച്ചക്കറികളും നഗര/ ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ ഉല്പാദിപ്പിക്കുക, ഇത് പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ല/ ബ്ലോക്ക്/ പഞ്ചായത്ത് /മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ ജനപ്രതിനിധികളുടെ വാസസ്ഥലത്തോ അവർക്കു സ്വീകാര്യമായ മറ്റ് ഇടങ്ങളിലോ, അംഗീകരിക്കപ്പെട്ടിട്ടുള്ള മാധ്യമ പ്രവർത്തകരുടെ വസതികളിലും ജൈവ രീതിയിലുള്ള പോഷകത്തോട്ടം സജ്ജീകരിക്കാൻ ലക്ഷ്യമിടുന്നു.

കൂടാതെ വീട്ടുവളപ്പിൽ 6 ലക്ഷം പോഷകത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിനും, എല്ലാ വീടുകളിലും കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി എന്നിവ വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**